പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 359

# 2010-ലെ കേരള പഞ്ചായത്ത് രാജ് (ഏഴാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 359

# 2010-ലെ കേരള പഞ്ചായത്ത് രാജ് (ഏഴാം ഭേദഗതി) ബിൽ

757/2010.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 359

# 2010-ലെ കേരള പഞ്ചായത്ത് രാജ് (ഏഴാം ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ്
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള പഞ്ചായത്ത് രാജ് (ഏഴാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 മേയ് 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിലും ക്ലിപ്ത നിബന്ധനയിലും "ഗ്രാമ പഞ്ചായത്തിന്റെ" എന്ന വാക്ക് വരുന്നിടത്തെല്ലാം "ഗ്രാമ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്.

(2) (3)-ാം ഉപവകുപ്പിൽ "ഗ്രാമപഞ്ചായത്തിൽ" എന്ന വാക്കിനുശേഷം "അഥവാ ബ്ലോക്ക് പഞ്ചായത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2010-ലെ 19) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 4-ാം വകുപ്പുപ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ സംയോജനം, പുനഃസംഘടന എന്നിവയ്ക്ക് വ്യവസ്ഥയുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തുകളുടെ സംയോജനം, പുനഃസംഘടന എന്നിവയ്ക്ക് സർക്കാരിന് അധികാരങ്ങൾ നൽകിയിട്ടില്ല. സംസ്ഥാനത്തെ ഏതാനും ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിക്കാനും മറ്റുള്ളവയെ പുനഃസംഘടിപ്പാക്കാനും ഇതിലേക്കായി 4-ാം വകുപ്പ് ഭേദഗതി ചെയ്യാനും സർക്കാർ തീരുമാനിച്ചു.

നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഭേദഗതി നിർദ്ദേശത്തിന് ഉടൻ പ്രാബല്യം നൽകേണ്ടയിരുന്നതിനാലും 2010-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2010-ലെ 19) 2010 മേയ് 15-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 മേയ് 17-ാം തീയതിയിലെ 1154-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ പ്രസക്ത ഭാഗങ്ങൾ (1994-ലെ 13)

**                **                **

### അദ്ധ്യായം III

### വ്യത്യസ്ത തലങ്ങളിൽ പഞ്ചായത്തുകളുടെ രൂപീകരണം

4. പഞ്ചായത്ത് രൂപീകരിക്കുന്നതിനും അതിന്റെ പേരും ആസ്ഥാനവും വിനിർദ്ദേശിക്കുന്നതിനും സർക്കാരിനുള്ള അധികാരം.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചേക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടെ,—

(എ) ഓരോ ഗ്രാമത്തിനോ ഗ്രാമങ്ങളുടെ കൂട്ടത്തിനോ ഒരു ഗ്രാമപഞ്ചായത്തും ;

(ബി) മദ്ധ്യതലത്തിൽ ഒരു ബ്ലോക്കു പഞ്ചായത്തും ;

(സി) ഓരോ ജില്ലാ പഞ്ചായത്തു പ്രദേശത്തിനും ഒരു ജില്ലാ പഞ്ചായത്തും ;

രൂപീകരിക്കേണ്ടതും അങ്ങനെയുള്ള പഞ്ചായത്തുകളുടെ പേരും ആസ്ഥാനവും വിനിർദ്ദേശിക്കേണ്ടതുമാണ്.

(2) സർക്കാരിന്, ബന്ധപ്പെട്ട പഞ്ചായത്ത് ആവശ്യപ്പെട്ടതിൻമേലോ പഞ്ചായത്തുമായി ആലോചിച്ചശേഷമോ നിർദ്ദേശം വിജ്ഞാപനംവഴി മുൻകൂട്ടി പ്രസിദ്ധീകരിച്ചതിനുശേഷം,—

(എ) ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ ഏതെങ്കിലും ഗ്രാമമോ ഗ്രാമങ്ങളുടെ കൂട്ടമോ ഉൾപ്പെടുത്തിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ ;

(ബി) ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽനിന്ന് ഏതെങ്കിലും ഗ്രാമത്തേയോ ഗ്രാമങ്ങളുടെ കൂട്ടത്തേയോ ഒഴിവാക്കിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം കുറയ്ക്കുകയോ ;

(സി) ഏതു തലത്തിലുമുള്ള ഒരു പഞ്ചായത്തിന്റെ ആസ്ഥാനം മാറ്റുകയോ ; അല്ലെങ്കിൽ

(ഡി) ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിന്റെ പേരു മാറ്റുകയോ ;

ചെയ്യാവുന്നതാണ് .

എന്നാൽ (എ)യും (ബി)യും ഖണ്ഡങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല.

(3) ഏതെങ്കിലും ഗ്രാമത്തിന്റെയോ ഗ്രാമങ്ങളുടെ കൂട്ടത്തിന്റെയോമേൽ അധികാരികതയുടെ വിനിയോഗം അവസാനിപ്പിച്ച ഒരു ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള സ്വത്തിന്റെ ഏതെങ്കിലും ഭാഗം കൈയൊഴിക്കുന്നതിനെ സംബന്ധിച്ചോ, അങ്ങനെയുള്ള സ്വത്തിനെ സംബന്ധിച്ചതോ അങ്ങനെയുള്ള ഗ്രാമത്തിൽനിന്നുൽഭവിക്കുന്നതോ ആയ ബാദ്ധ്യതകൾ നിറവേറ്റുന്നതു സംബന്ധിച്ചോ, അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ എല്ലാ കാര്യങ്ങളും ഉൾപ്പെടെ, സർക്കാരിന്, പഞ്ചായത്തുമായി ആലോചിച്ച് തങ്ങൾക്ക് ഉചിതമെന്നുതോന്നുന്ന ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

** ** **